പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1604 21.3.2012-ൽ മറുപടിയ്ക്ക്

## പച്ചക്കറി ഉല്പാദനവും വിതരണവും മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. പി. എ. മാധവൻ: | **ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനവും വിതരണവും മെച്ചപ്പെടുത്താൻ എന്തെല്ലാം പദ്ധതികളാണ് കൃഷിവകുപ്പ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ; | (എ) സംസ്ഥാനത്ത് ആഭ്യന്തര പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പച്ചക്കറി കൃഷി വ്യാപകമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച് നടത്തുന്ന പദ്ധതികളാണ് സമഗ്ര പച്ചക്കറി വികസന പദ്ധതിയും ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായ പച്ചക്കറി കൃഷി വികസന പദ്ധതിയും. ഇതു കൂടാതെ സർക്കാരിന്റെ നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി വീടുകളിലെ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 25 ലക്ഷം പച്ചക്കറി വിത്തുകിറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഇപ്പോൾ തരിശു നിലത്തിൽ വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ പാട്ടക്കൃഷി അടിസ്ഥാനത്തിൽ ചെയ്യുന്നതിനും പദ്ധതി |

ആവിഷ്ക്കരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കൃഷി ഭവനുകളിലും പഞ്ചായത്തുതലത്തിൽ വിവിധ പച്ചക്കറി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ ആർ.കെ.വി.വൈ ഫണ്ട് ഉപയോഗിച്ച്കൊണ്ട് 12 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 'വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴസ്' പദ്ധതി നടപ്പാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കുന്ന 'വെജിറ്റ-ബിൾ ഇനിഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ്' പദ്ധതിയിൽ പച്ചക്കറി സംഭരിച്ച് വിപണനം ചെയ്യുന്നതിനായി ഒരു ചില്ലറ വില്പനശാല, ഒരു സോർട്ടിംഗ്-ഗ്രേഡിംഗ് & പായ്ക്കിംഗ് യൂണിറ്റ്, 10 സഞ്ചരിക്കുന്ന വില്പനശാലകൾ, 15 ഉന്തുവണ്ടികൾ എന്നിവ നൽകുന്നതിനായി വിഭാവന ചെയ്തിട്ടുണ്ട്.

ശീതകാല പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ 11.6 കോടി രൂപയുടെ ഒരു പദ്ധതി ഇടുക്കി

ജില്ലയിലെ കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നു. കോളി ഫ്ളവർ, ക്യാബേജ്, കാരറ്റ്, റാഡിഷ്, ക്യാപ്സികം, പൊട്ടെറ്റോ, വെളുത്തുള്ളി എന്നീ പച്ചക്കറി ഇനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വട്ടവടയിലും കാന്തല്ലൂരിലുമായി 3000 ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിലുള്ള ശീതകാലപച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. കൂടാതെ **വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ മുഖാന്തിരം പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിത്തു മുതൽ വിപണനം വരെയുള്ള കാർഷിക വൃത്തിയുടെ എല്ലാ ഘട്ടങ്ങളിലും, എല്ലാ ജില്ലകളിലും ഉള്ള കർഷകർക്ക് സഹായം എത്തിക്കുന്ന രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.**

(ബി) ജൈവകൃഷിയുടെ പ്രോത്സാഹനത്തിനും വ്യാപനത്തിനുമായി എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകുന്നതെന്ന് അറിയിക്കാമോ;

(ബി) നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളിലെല്ലാം ജൈവ കൃഷിക്കാണ് പ്രാധാന്യം നൽകുന്നത്. രാസവസ്തുക്കളുടെ അമിത ഉപയോഗം സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ബോധവൽക്കരണ / പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുമ്പോൾ വിശദമാക്കാറുണ്ട്.

2011-2012 വർഷം ജൈവ കൃഷി

പദ്ധതി നടപ്പിലാക്കുന്നതിന് 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ വർഷം സംസ്ഥാനത്ത് 3500 ഹെക്ടർ സ്ഥലത്ത് പുതുതായി ജൈവ കൃഷി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 2010-11 വർഷം ആരംഭിച്ച 900 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി തുടരാൻ ഈ വർഷവും സഹായധനം നൽകുന്നുണ്ട്. ജൈവ കൃഷിയിലേക്ക് മാറുമ്പോൾ ഉണ്ടാകുന്ന ഉത്പാദന നഷ്ടം നികത്തുന്നതിനായി ഹെക്ടറിന് 10,000/- രൂപയാണ് സഹായധനം നൽകുന്നത്. ഇതിനു പുറമേ പരിശീലനം , ബോധവൽക്കരണം, ജൈവ ഉല്പന്നങ്ങളുടെ വിപണനം എന്നിവയ്ക്കുള്ള സൗകര്യങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകി വരുന്നു. പൈനാപ്പിൾ, ഇഞ്ചി, വാഴ, പച്ചക്കറി, കശുമാവ്, കുരുമുളക് തുടങ്ങിയ ഹോർട്ടിക്കൾച്ചർ വിളകളെയാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ജൈവകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 20000 രൂപ മൊത്തം ചെലവ് കണക്കാക്കി 50 ശതമാനം സബ്സി

ഡിയായി 10000 രൂപ അനുവദിക്കുന്നതാണ്.

ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ മാർഗ്ഗരേഖ പ്രകാരം ഹെക്ടറൊന്നിന് 10,000 രൂപ എന്ന നിരക്കിൽ ലഭ്യമാക്കുന്ന ധനസഹായം മൂന്ന് ഗഡുക്കളായിട്ടാണ് നൽകുന്നത്. ആദ്യ വർഷം 4000 രൂപയും രണ്ടാമത്തെയും മൂന്നാമത്തെയും വർഷം 3000 രൂപ വീതവും നൽകുന്നതായിരിയ്ക്കും. 2011-12ൽ ഈ വിളകളിൽ ജൈവകൃഷി പ്രാവർത്തികമാക്കുന്നതിന് 1500 ഹെക്ടർ സ്ഥലത്തേയ്ക്ക് 60 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ ജൈവകർഷകർക്ക് ജൈവസർട്ടിഫിക്കേഷൻ നടത്തുന്നതിന് 1500 ഹെക്ടർ സ്ഥലത്തേയ്ക്കായി 45 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിനായി ഹെക്ടറൊന്നിന് 10000 രൂപ ധനസഹായം നൽകുന്നു. മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നു ണ്ട്. 200 യൂണിറ്റുകൾക്കായി 60 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. 30'x 8'x 2.5' വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റൊന്ന് നിർമ്മിക്കുന്നതിന് മൊത്തം 60,000 രൂപ ചെലവ് കണക്കാക്കി അതിന്റെ 50 ശതമാനം

പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1586 — 21.3.2012-ൽ മറുപടിയ്ക്ക്

## കൃഷി ഭവനും ഭൂവുടമയും ചേർന്ന് കരാറടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ: | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) തരിശായി കിടക്കുകയോ പൂർണ്ണമായി ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന കൃഷിഭൂമിയിൽ കൃഷിഭവനും ഭൂവുടമയും ചേർന്ന് കരാർ കൃഷി ചെയ്യുന്ന പദ്ധതി നടപ്പാക്കിയോ; | (എ) സംസ്ഥാനത്ത് തരിശായി കിടക്കുകയോ പൂർണ്ണമായി ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന കൃഷി ഭൂമി പൂർണ്ണമായി കൃഷിക്ക് ഉപയോഗപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച 'ജനകീയ പങ്കാളിത്തത്തോടെയുള്ള തരിശു ഭൂമിയിലെ കരാർ കൃഷി' സംസ്ഥാനത്തെ 14 ജില്ലകളിലായി 1500 ഹെക്ടറിൽ 5 കോടി രൂപ ചിലവാക്കി നടപ്പാക്കി വരുന്നു |
| (ബി) പ്രസ്തുത പദ്ധതിയിൻപ്രകാരം തന്നാണ്ടിൽ ഓരോ ജില്ലയിലും എത്ര ഹെക്ടർ കൃഷിഭൂമിയിൽ കരാർ കൃഷിയിറക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ; | (ബി) പ്രസ്തുത പദ്ധതി പ്രകാരം 2012 ഫെബ്രുവരി വരെ 531.85 ഹെക്ടർ സ്ഥലത്ത് ഇതിനകം കൃഷി ചെയ്ത് കഴിഞ്ഞു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിരുന്നു; ഇതിൽ എന്തു തുക പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഖജനാവിൽ നിന്നും ചെലവഴിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) | പദ്ധതി നടത്തിപ്പിനുവേണ്ടി നടപ്പു സാമ്പത്തിക വർഷം 5 കോടി രൂപയാണ് വകയിരുത്തി യിട്ടുള്ളത്. ജില്ലകൾക്ക് മുഴുവൻ തുകയും അനുവദിച്ചു കഴിഞ്ഞു. പദ്ധതി നിർവ്വഹണം തുടരുന്നു. |

Sreshama

**സെക്ഷൻ ഓഫീസർ**